# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1529 — 03.10.2016 ൽ മറുപടിയ്ക്ക്

### സർക്കാർ സംവിധാനത്തിലൂടെ വിപണിയിൽ ഇടപെടൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എൻ. ഷംസീർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഓണക്കാലത്ത് സർക്കാർ പൊതുവിതരണ സംവിധാനത്തിലൂടെ എത്ര കോടി രൂപയുടെ വിറ്റ് വരവ് നടന്നിട്ടുണ്ട്;വിശദമാക്കമോ; | (എ) ഇക്കൊല്ലം ഓണത്തിന മുൻപുള്ള 13 ദിവസങ്ങളിലെ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, ഓണച്ചന്തകൾ എന്നിവ മുഖേന 176.86 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്. ഇതിൽ സബ്സിഡി ഇനങ്ങളുടെ വിറ്റുവരവ് 64.68 കോടി രൂപയാണ്. |
| (ബി) സർക്കാർ സംവിധാനത്തിലൂടെ വിപണിയിൽ ഇടപെട്ടതിനാൽ എത്ര കോടി രൂപ ചെലവ് വന്നിട്ടുണ്ട്; | (ബി) ഈ ഓണക്കാലത്ത് പ്രത്യേക ഓണച്ചന്തകൾ സംഘടിപ്പിക്കുന്നതിനും, സപ്ലൈകോ വിൽപ്പനശാലകൾ വഴിയുള്ള അവശ്യഭക്ഷ്യവസ്തുക്കളുടെ സബ്സിഡി നിരക്കിലുള്ള വിൽപ്പനക്കും, ബി.പി.എൽ. കുടുംബങ്ങൾക്കുള്ള സൗജന്യ ഓണക്കിറ്റ് വിതരണത്തിനും, എല്ലാ റേഷൻ കാർഡിനുമുള്ള സ്പെഷ്യൽ പഞ്ചസാര വിതരണത്തിനുമായി ആകെ 81.42 കോടി രൂപയാണ് നീക്കിവെച്ചിട്ടുള്ളത്. |
| (സി) വിപണി വിലയേക്കാൾ ശരാശരി എത്ര ശതമാനം കുറവിലാണ് സർക്കാർ സംവിധാനത്തിലൂടെ നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തിയത്; വ്യക്തമാക്കമോ? | (സി) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി നിലവിലുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ഇത് കാര്യക്ഷമമായി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി പൊതുവിപണിയിൽ നിന്നും ശരാശരി 50% വരെ കുറഞ്ഞ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങളാണ് വിൽപ്പനശാലകൾ വഴി വിതരണം ചെയ്ത് വരുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സബ്സിഡി നിരക്കിലുള്ള വിൽപ്പനക്കുപുറമെ അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ / മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

## നിലവിലുള്ള സബ്സിഡി വിലയും പൊതുവിപണി വിലയും ഇവ തമ്മിലുള്ള വ്യത്യാസവും വ്യത്യാസ ശതമാനവും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | നിലവിലെ സബ്സിഡി വില (രൂപ കി. ഗ്രാമിന്) | പൊതു വിപണി വില (as per Economics and Statistics Dept of 26/09/2016 (per Kg) | സപ്ലൈകോ വിലയും പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ |
|---|---|---|---|---|---|
| 1 | ചെറുപയർ | 74.00 | 86.00 | 12.00 | 13.95% |
| 2 | ഉഴുന്ന് ബോൾ | 66.00 | 139.71 | 73.71 | 52.76% |
| 3 | വൻകടല | 43.00 | 113.46 | 70.46 | 62.10% |
| 4 | വൻപയർ | 45.00 | 81.07 | 36.07 | 44.49% |
| 5 | തുവര പരിപ്പ് | 65.00 | 132.57 | 67.57 | 50.97% |
| 6 | മുളക് | 75.00 | 159.07 | 84.07 | 52.85% |
| 7 | മല്ലി | 92.00 | 114.93 | 22.93 | 19.95% |
| 8 | പഞ്ചസാര | 22.00 | 40.07 | 18.07 | 45.10% |
| 9 | ജയ അരി | 25.00 | 33.67 | 8.67 | 25.75% |
| 10 | കുറുവ അരി | 25.00 | 31.00 | 6.00 | 19.35% |
| 11 | മട്ട അരി | 24.00 | 35.36 | 11.36 | 32.13% |
| 12 | പച്ചരി | 23.00 | 30.67 | 7.67 | 25.01% |
| 13 | വെളിച്ചെണ്ണ | 90.00 | 124.29 | 34.29 | 27.59% |

സെക്ഷൻ ഓഫീസർ